LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഡോക്ടർമാരുടെ ദൗർലഭ്യവും സമീപഭാവിയിൽ പകർച്ചവ്യാധികൾ മുതലായവ നേരിടേണ്ട ആവശ്യവും കണക്കിലെടുത്ത് 2014 ആഗസ്റ്റ് 31 വരെ റിട്ടയർ ചെയ്യുന്ന ആരോഗ്യ വകുപ്പിന്റെ കീഴിലുള്ള ഡോക്ടർമാർക്ക് 6 മാസത്തേക്ക് സേവന കാലാവധി നീട്ടി നൽകിയിട്ടുണ്ട്.

(ബി) ആരോഗ്യ വകുപ്പിലെ എല്ലാ വിഭാഗം ഡോക്ടർമാരുടെയും സേവന കാലാവധി 6 മാസത്തേക്ക് ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്.

മെഡിക്കൽ കോളേജുകളിൽ കേന്ദ്രീകൃത സ്റ്റെറിലൈസേഷൻ വിഭാഗം

64 (8124) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. ടി. എൻ. പ്രതാപൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മെഡിക്കൽ കോളേജുകളിൽ കേന്ദ്രീകൃത സ്റ്റെറിലൈസേഷൻ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) ഇതിനായി എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളും ആധുനിക ഉപകരണങ്ങളുമാണ് ഇവിടെ ഒരുക്കിയിട്ടുള്ളത് ; വിശദമാക്കുമോ ;

(ഡി) ഇതിന്റെ നടത്തിപ്പിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ?

ഉത്തരം

(എ) ഉണ്ട്. എല്ലാ സർക്കാർ മെഡിക്കൽ കോളേജ് ആശുപത്രികളോടും ബന്ധപ്പെട്ട് കേന്ദ്രീകൃത സ്റ്റെറിലൈസേഷൻ വിഭാഗം പ്രവർത്തിക്കുന്നുണ്ട്.

(ബി) ആശുപത്രിയിലെ ഐ.സി.യു.വിലും ഓപ്പറേഷൻ തിയേറ്ററിലുമുൾപ്പെടെയുള്ള സർജിക്കൽ ഉപകരണങ്ങൾ സ്റ്റെറിലൈസ് ചെയ്ത് സൂക്ഷിക്കുക, ഐ.സി.യൂണിറ്റ്, ഓപ്പറേഷൻ തിയേറ്റർ എന്നിവ ഇടയ്ക്കിടെ സ്റ്റെറിലൈസ് ചെയ്യുക എന്നിവ ഈ വിഭാഗത്തിന്റെ ചുമതലയാണ്.

(സി) ഓട്ടോക്ലേവ്, ഇ.റ്റി.ഒ., സ്റ്റെറിലൈസർ, അൾട്രാസോണിക് ക്ലീനർ ആന്റ് വാഷർ, ഹൈഡ്രജൻ പെറോക്സൈഡ് സ്റ്റെറിലൈസർ തുടങ്ങിയ സംവിധാനങ്ങൾ ഇതിനായി ഉപയോഗിക്കുന്നുണ്ട്. ഇതിനായി പ്രത്യേക വിഭാഗവും പരിശീലനംലഭിച്ച ജീവനക്കാരും സർക്കാർ മെഡിക്കൽ കോളേജു കളിൽ ലഭ്യമാണ്.

(ഡി) ഇതിന്റെ നടത്തിപ്പിനായി യോഗ്യരായ സി.എസ്.ആർ. ടെക്നീഷ്യൻ ഉൾപ്പെടെയുള്ള ജീവനക്കാരെ നിയമിച്ച് കാര്യക്ഷമമായി പ്രവർത്തിച്ചുവരുന്നു.

മെഡിക്കൽ കോളേജുകളിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ

65 (8125) ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ആർ. സെൽവരാജ് :
ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) മെഡിക്കൽ കോളേജുകളിൽ ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) ഇതിനായി ഒരു പ്രത്യേക പദ്ധതിക്ക് രൂപം നൽകുന്ന കാര്യം പരിഗണനയിലുണ്ടോ ; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ആശുപത്രികളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് സജ്ജീകരിക്കാനുദ്ദേശിക്കുന്നത് ; വിശദമാക്കുമോ ;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഇ) പദ്ധതി നടപ്പിലാക്കാൻവേണ്ടിയിരുന്ന തുക എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിട്ടുള്ളത് എന്നറിയിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ സർക്കാർ മെഡിക്കൽ കോളേജുകളുടെയും ഒബ്സ്റ്റട്രിക്സ് & ഗൈനക്കോളജി വിഭാഗവുമായി ബന്ധപ്പെടുത്തി ഇൻഫെർട്ടിലിറ്റി ക്ലിനിക്കുകൾ ആരംഭിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly